ഉത്തരം

(എ) മലപ്പുറം ജില്ലാ ആഫീസിൽ വീട് ലഭിക്കുന്നതിനായി ആകെ 1315 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) ലഭ്യമായ അപേക്ഷകരിൽ നിന്ന് 847. പേർ അർഹരാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) 800 പേർക്ക് വീട് അനുവദിച്ചിട്ടുണ്ട്.

(ഡി) പുതിയ ഭവനനിർമ്മാണപദ്ധതി നടപ്പിലാക്കുന്നതിന് ഫിഷറീസ് ഡയറക്ടറിൽ നിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

ചേർത്തല അർത്തുങ്കൽ റീജിയണൽ ഫിഷറീസ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ പ്രാഥമിക സൗകര്യങ്ങൾ

140 (2959) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല അർത്തുങ്കൽ റിജിയണൽ ഫിഷറീസ് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിൽ ഈ സർക്കാർ എന്തെല്ലാം സൗകര്യങ്ങൾ അനുവദിച്ചു ; പ്രസ്തുത സ്കൂൾ അധികൃതർ എന്തെല്ലാം ആവശ്യങ്ങൾ ഉൾപ്പെടുത്തിയ നിവേദനമാണ് സർക്കാരിന് സമർപ്പിച്ചത് എന്ന് വ്യക്തമാക്കാമോ ;

(ബി) തീരദേശത്തുള്ളതും മത്സ്യത്തൊഴിലാളി കുടുംബത്തിൽ നിന്നും വരുന്ന സാധാരണക്കാരായ നിരവധി കുട്ടികൾ പഠിക്കുന്നതുമായ റസിഡൻഷ്യൽ സ്കൂളായിട്ടും നല്ല കുട്ടിലുകളും പ്രാഥമികമായ ഒട്ടേറെ സൗകര്യങ്ങളും ഇനിയും പ്രസ്തുത സ്കൂളിൽ ഇല്ലെന്നുള്ള കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ചേർത്തല അർത്തുങ്കൽ ഗവൺമെന്റ് റീജിയണൽ ഫിഷറീസ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ അടിസ്ഥാന ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്ക് തീരദേശ വികസന കോർപ്പറേഷൻ മുഖേന 119.50 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു. മത്സ്യത്തൊഴിലാളികളുടെ മക്കൾ താമസിച്ച്

LIBRARY ARCHIVES Kerala Legislative Assembly

പഠിക്കുന്ന ഈ സ്ഥാപനത്തിലെ ഹോസ്റ്റലിന്റെയും സ്കൂളിന്റെയും വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്തിട്ടുണ്ട്.

ഹോസ്റ്റൽ:

1. ഹോസ്റ്റലിലെ തറ പൂർണ്ണമായും ടൈൽ ചെയ്തു.
2. ഹോസ്റ്റലിന്റെ മേൽക്കൂര പ്ലാസ്റ്റർ ചെയ്തു.
3. എല്ലാ ജനലുകളും പഴയതുമാറ്റി പുതിയത് നിർമ്മിച്ചു.
4. ടോയ്ലറ്റുകളിലെ പഴയ പ്ലംബിംഗ് ജോലികൾ, വാൾ ടൈൽ, ഫ്ളോർ ടൈൽ എന്നിവയെല്ലാം മാറ്റി പുതിയത് നിർമ്മിച്ചു.
5. പഴകിയ ഇലക്ട്രിഫിക്കേഷൻ മാറ്റി പുതിയതായി ഇലക്ട്രിഫിക്കേഷൻ നടത്തി.
6. ഹോസ്റ്റൽ പൂർണ്ണമായും പെയിന്റിംഗ് നടത്തി.
7. കുട്ടികൾക്ക് കിടക്കുന്നതിനാവശ്യമായ കിടക്കകളും കൊതുകുവലകളും വാങ്ങി നൽകി.

സ്കൂൾ ക്ലാസ് റൂമുകൾ:

1. എല്ലാ ക്ലാസ് മുറികളും ടൈൽ ചെയ്തു.
2. എല്ലാ ക്ലാസ് മുറികളും പെയിന്റിംഗ് നടത്തി.
3. സ്കൂൾ കോമ്പൗണ്ട് പൂർണ്ണമായും ഇന്റർ ലോക്ക് ചെയ്യുന്ന ജോലി നടന്നുകൊണ്ടിരിക്കുന്നു.
4. കോമ്പൗണ്ട് വാൾ ഉയരം കൂട്ടുന്ന ജോലി നടന്നുവരുന്നു.
5. സ്കൂൾ ലബോറട്ടറിക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങിനൽകി.
6. ക്ലാസ് മുറികളിലെ പഴയ ഇലക്ട്രിഫിക്കേഷൻ മാറ്റുന്നതിനുള്ള ജോലി ഉടൻ ആരംഭിക്കും.
7. കമ്പ്യൂട്ടർ, ലാപ്ടോപ്, പ്രിന്റർ, ഓഫീസ് ഫർണീച്ചർ എന്നിവയുള്ള പ്രൊപ്പോസൽ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

8. മെസ്സിലേയ്ക്കാവശ്യമായ പാത്രങ്ങൾ വാങ്ങിനൽകി.

9. കിച്ചണിലേക്കാവശ്യമായ വിറകുകൾ സൂക്ഷിക്കുന്നതിനുള്ള വിറകുപുര നിർമ്മിച്ചു.

മുകളിൽ പറഞ്ഞതുൾപ്പെടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. സ്കൂൾ അധികൃതരിൽനിന്നും സർക്കാരിന് നിവേദനമൊന്നും ലഭിച്ചിട്ടില്ല.

അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണം

141 (2960) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര മത്സ്യത്തൊഴിലാളികൾക്ക് വിവിധ ഭവന നിർമ്മാണ പദ്ധതികളിലായി ധനസഹായം നൽകി ; ധനസഹായം ലഭിച്ചത് ആർക്കെല്ലാം ; പേരും വിലാസവും വിശദമാക്കി പട്ടിക ലഭ്യമാക്കുമോ ;

(ബി) അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ ഭവന രഹിതമായ എത്ര മത്സ്യത്തൊഴിലാളികൾ ഉണ്ടെന്നും, അവർ ആരെല്ലാമെന്നും പേര്, വിലാസം എന്നിവ വിശദമാക്കി പട്ടിക ലഭ്യമാക്കുമോ ;

(സി) ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്ന ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളത് ; വ്യക്തമാക്കാമോ ;

(ഡി) അമ്പലപ്പുഴ മണ്ഡലത്തിലെ ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ;

(ഇ) മത്സ്യത്തൊഴിലാളി ഭവന പദ്ധതിയിൽ ഗുണഭോക്താക്കളുടെ എത്ര ശതമാനമാണ് സർക്കാർ ക്വാട്ടയിൽ തെരഞ്ഞെടുക്കുന്നത് ; സർക്കാർ ക്വാട്ടയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡമെന്താണ് ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly